

ഉഷഃകാലം നാം എഴുന്നേൽക്കുക
പരനേശുവേ സ്തുതിപ്പാൻ
ഉഷഃകാലമെന്താനന്ദം നമ്മൾ
പ്രിയനോടടുത്തീടുകിൽ

ഇതുപോലൊരു പ്രഭാതം നമു-
ക്കടുത്തീടുന്നു മനമേ
ഹാ എന്താനന്ദം നമ്മൾ പ്രിയനാ
ശോഭസൂര്യനായി വരുന്നാൾ

നന്ദിയാലുള്ളം തുടിച്ചീടുന്നു
തള്ളയാമേശു കാരുണ്യം
ഓരോന്നോരോന്നായി ധ്യാനിപ്പാനിതു
നല്ല സന്ദർഭമാകുന്നു

ഇന്നലെ ഭൂവിൽ പാർത്തിരുന്നവ-
രെത്രപേർ ലോകം വിട്ടുപോയി
എന്നലോ നമ്മുക്കൊരുനാൾ കൂടെ
പ്രിയനെ പാടി സ്തുതിക്കാം




**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



നഗ്നനായി ഞാൻ ലോകത്തിൽ വന്നു
നഗ്നനായി തന്നെ പോകുമേ
ലോകത്തിലെനിക്കില്ല യാതൊന്നും
എന്റെ കൂടന്നു പോരുവാൻ

ഹാ എൻ പ്രിയന്റെ പ്രേമത്തെ ഓർത്തി-
ട്ടാനന്ദം പരമാനന്ദം
ഹാ എൻ പ്രിയനാ പുതുവാനഭൂ
ദാനം ചെയ്തെന്താനന്ദം

മരുവിൽ നിന്നു പ്രിയന്മേൽ ചാരി
വരുന്നോരിവൾ ആരുപോൽ
വനത്തിൽകൂടെ പോകുന്നേ ഞാനും
സ്വന്തരാജ്യത്തിൽ ചെല്ലുവാൻ

കൊടുങ്കാറ്റുണ്ടീ വനദേശത്തെൻ
പ്രിയനേ എന്നേ വിടല്ലേ
കൊതിയോടു ഞാൻ വരുന്നേ
എന്റെ സങ്കടമങ്ങു തീർക്കണേ